# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:102** **23/01/2018 ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. എൽദോ എബ്രഹാം** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മാരകരോഗങ്ങൾക്ക് ചികിത്സാ ധനസഹായം, അപകടമരണങ്ങൾക്ക് ഇരയായവരുടെ ആശ്രിതർക്ക് ധന സഹായം, ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വീടുകൾക്കും ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും തീപിടുത്തത്തിൽ നാശനഷ്ടം ഉണ്ടായാൽ ധനസഹായം, കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം തുടങ്ങിയവയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രധാനമായും നൽകി വരുന്നത്. ധനസഹായത്തിന് അപേക്ഷ നൽകുന്നതിനുള്ള അപേക്ഷകന്റെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ ആണ്.അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകളായ 6 മാസത്തിനകം എടുത്ത മെഡിക്കൽ സർട്ടിഫിക്കറ്റ്, അപകടമരണം സംബന്ധിച്ച കേസുകളിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ., മരണ സർട്ടിഫിക്കറ്റ് തുടങ്ങിയവയും ഹാജരാക്കേണ്ടതാണ്. അപകടമരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ നൽകിയിരിക്കണം. |
| (ബി) | ഏതൊക്കെ ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്ക് ചികിത്സയിലുള്ളവർക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | എല്ലാ സർക്കാർ , സ്വകാര്യ ആശുപത്രികളിൽ നിന്നും ചികിത്സ നേടിയിട്ടുള്ള ക്യാൻസർ,വൃക്ക, കരൾ തുടങ്ങിയ മാരക രോഗബാധിതർ , തീവ്രപരിചരണം ആവശ്യമായി വരുന്ന മറ്റു രോഗികൾ എന്നിവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നാളിതുവരെ ആകെ എത്ര പേർക്ക് എത്ര തുക ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. |

Smitha, A.S.

സെക്ഷൻ ഓഫീസർ